TUESDAY 05-07-2022 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Asha T T**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-05/07/2022.

1. കാലാവസ്ഥ വ്യതിയാനം പ്രവചനാതീതമായ ഈ കാലഘട്ടത്തിൽ കർഷകർക്ക് അവരുടെ ഏക വരുമാന മാർഗമായ കാർഷികവിളകളെ സംരക്ഷിക്കുന്നതിനുള്ള മാർഗമാണ് വിള ഇൻഷുറൻസ് പദ്ധതി. പ്രകൃതിക്ഷോഭം, വന്യജീവി ആക്രമണം എന്നിവ കർഷകർക്ക് എന്നും ഭീഷണിയാണ്. ഇത്തരം നാശനഷ്ടങ്ങളിൽ നിന്നും കർഷകരെയും അവരുടെ കുടുംബത്തെയും സംരക്ഷിക്കുന്നതിനു വേണ്ടിയാണ് സംസ്ഥാന സർക്കാർ വിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിവരുന്നത്. ജൂലൈ 7 വരെ ഒരാഴ്ചക്കാലം എല്ലാ പഞ്ചായത്തിലും ഇൻഷുറൻസ് ക്യാമ്പയിനും സംഘടിപ്പിക്കുകയാണ്. കർഷകർക്ക് കൃഷി ഭവനുകളിൽ വരാതെ ഓൺലൈനായി തന്നെ വിള ഇൻഷുറൻസ് പദ്ധതിയിൽ ചേരുന്നതിനും പോളിസി കരസ്ഥമാക്കുന്നതിനുമുള്ള അവസരവും ഉണ്ട്. ഓൺലൈനായി ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകുന്നതിന് www.aims.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ് .

2. റബ്ബർഷീറ്റുണക്കുന്ന പുകപ്പുരയുടെ വിവിധ മോഡലുകൾ, അവയുടെ നിർമ്മാണം, പ്രവർത്തനം എന്നിവ സംബന്ധിച്ചും നിലവിലുള്ള പുകപ്പുരകളുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും കൂടുതലറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും റബ്ബർബോർഡിലെ ഡെപ്യൂട്ടി ഡയറക്ടർ ഈ മാസം **6-ന്** (ജൂലൈ 06) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ മറുപടി നൽകും. ഈ പ്രത്യേക 'ഫോൺ-ഇൻ' പരിപാടിയിലേക്ക് **0481 2576622** എന്ന ഫോൺ നമ്പരിൽ വിളിക്കുക.

3. വയനാട് അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വളർത്തിയെടുത്ത ഒന്നരമാസം പ്രായമുള്ള ഗ്രാമശ്രീ മുട്ടകോഴിക്കുഞ്ഞുങ്ങൾ 130 രൂപ നിരക്കിൽ ജൂലൈ 8 വരെ പ്രവൃത്തിദിനങ്ങളിൽ രാവിലെ 10നും വൈകിട്ട് 4 നും ഇടയിൽ ലഭ്യമാണ് . പ്രതിവർഷം 180 മുതൽ 200 ഓളം തവിട്ടു നിറമുള്ള മുട്ടകൾ നൽകുന്നവയാണ് ഈ കോഴികൾ. ഓഫീസ് നമ്പർ: **9496930411, 8590543454.**

4. കോഴിക്കോട് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഞാറ്റുവേല ചന്ത, കർഷക സഭ, വിള ഇൻഷ്വറൻസ് വാരാചരണം എന്നിവ ഈ മാസം **5,6,7** തീയതികളിൽ (ജൂലൈ 5,6,7) കൃഷിഭവൻ പരിസരത്ത് നടക്കുന്നു.

കർഷകർക്ക് ആവശ്യമായ തൈകളും, വിത്തുകളും, ജൈവവളങ്ങളും, ജൈവ കീടനാശിനികളും ഞാറ്റുവേല ചന്തയിൽ വിൽപ്പനയ്ക്ക് ഉണ്ടായിരിക്കുന്നതാണെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു.

5. ബേപ്പൂർ ഫെസ്റ്റിനോട് അനുബന്ധിച്ച് ബേപ്പൂർ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഇക്കോ ഷോപ്പ് ബേപ്പൂർ ഞാറ്റുവേല ചന്ത സംഘടിപ്പിക്കുന്നു. നാളെ വരെയാണ് ബേപ്പൂർ ഫെസ്റ്റ്. ഞാറ്റുവേല ചന്തയുടെ ഭാഗമായി നടീൽ വസ്തുക്കളുടെ വിൽപ്പനയും വിള ഇൻഷുറൻസ് വാരാചരണവും ഉണ്ടായിരിക്കുന്നതാണ്. ബേപ്പൂർ ഫെസ്റ്റുമായി ബന്ധപ്പെട്ട് കൃഷിഭവൻ ബേപ്പൂർ സ്റ്റാളിൽ നിന്നും വിള ഇൻഷുറൻസ്, പി എം കിസാൻ ലാൻഡ് വെരിഫിക്കേഷൻ തുടങ്ങിയ കൃഷിവകുപ്പിന്റെ സേവനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

6. ലോക ജന്തുജന്യരോഗ ദിനാചരണവുമായി ബന്ധപ്പെട്ട് ജൂലൈ ആറിന് മണ്ണുത്തി വെറ്ററിനറി കോളേജ് പ്രതിരോധ വിഭാഗം, മണ്ണുത്തി വെറ്ററിനറി കോളേജ് ഹോസ്പിറ്റലിലും കൊക്കാല വെറ്ററിനറി ഹോസ്പിറ്റലിലും രാവിലെ 9 മുതൽ ഉച്ചക്ക് പന്ത്രണ്ടുമണി വരെ ഓമന മൃഗങ്ങൾക്ക് (നായ, പൂച്ച) സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് സംഘടിപ്പിക്കുന്നു. കോവിഡ് പ്രതിരോധ ചട്ടങ്ങൾ മാനിച്ചുകൊണ്ട് മുൻകൂട്ടി രജിസ്റ്റർ ചെയ്തവരുടെ മൃഗങ്ങൾക്ക് മാത്രമേ സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് ഉണ്ടായിരിക്കുകയുള്ളൂ. താല്പര്യമുള്ളവർ രാവിലെ 9.30 മുതൽ ഉച്ചക്ക് 12.30 വരെ, **0487 2972065** എന്ന നമ്പറിലേക്ക് വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**പരിശീലന പരിപാടികൾ**

7. കേരള കാർഷിക സർവകലാശാല സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് **"സുഗന്ധവ്യഞ്ജന കൃഷി പരിപാലനം"** എന്ന വിഷയത്തിൽ **ജൂലായ് 13 മുതൽ ആഗസ്റ്റ് 10** വരെ സൗജന്യ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി https://forms.gle/HMw9PEGwsd6LH9Wx8 എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. സുഗന്ധവ്യഞ്ജനങ്ങളിലെ കൃഷിരീതി സംബന്ധിച്ച സംശയങ്ങളും ചോദ്യങ്ങളും രജിസ്ട്രേഷൻ ലിങ്കിൽ രേഖപ്പെടുത്താവുന്നതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ജൂലൈ 13 മുതൽ 15 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127, 7306464582** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

9. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 07-ന് (ജൂലൈ 7) രാവിലെ 10 മണി മുതൽ 4 മണി വരെ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491–2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 7,8 (ജൂലൈ 7,8) തീയതികളിൽ രാവിലെ 10 മുതൽ **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കുന്നവർ 20 രൂപ രജിസ്ട്രേഷൻ ഫീസ് അടക്കേണ്ടതും ആധാർ കാർഡിന്റെ കോപ്പി, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവ ഹാജരാക്കേണ്ടതുമാണ്. പരിശീലനാർത്ഥികൾക്ക് യാത്രക്കൂലിയായി 100 രൂപയും പ്രതിദിന ദിനബത്ത 125 രൂപയും ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481 2302223** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

11. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ ഈ മാസം **13,14** തീയതികളിൽ (ജൂലൈ 13,14) **ശുദ്ധമായ പാലുത്പാദനം** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **0473 4299869, 9495390436, 9446453247** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനു പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

12. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 13,14 (13/07/22, 14/07/22) തീയതികളിൽ രാവിലെ 10 മുതൽ 5 വരെ **ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ളവർ **0469-2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

13. **സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

നെല്ലിന്റെ പ്രധാന കീടമായ തണ്ടുതുരപ്പനും ഓലചുരുട്ടിയ്ക്കുമെതിരെ ട്രൈക്കോ കാർഡുകൾ ഉപയോഗിക്കാവുന്നതാണ്. '**ട്രൈക്കോഗ്രാമ്മ ജപോണിക്കം**' തണ്ടു തുരപ്പനെതിരെയും **ട്രൈക്കോഗ്രാമ്മ കിലോണിസ്** ഓലചുരുട്ടിയ്ക്ക് എതിരേയും ഉപയോഗിക്കാം. ഒരേക്കറിനു 2 കാർഡുകളാണ് ഉപയോഗിക്കേണ്ടത്. ഒരു കാർഡ് 10 ചെറു കാർഡുകളാക്കി മുറിച്ച് പാടത്തിന്റെ വിവിധ ഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പിനുള്ളിലോ തെങ്ങോലയുടെ അടിവശത്തോ സ്റ്റേപ്പിൾ ചെയ്ത് മഴ കൊള്ളാതെ വയ്ക്കേണ്ടതാണ്. വെയിൽ താഴ്ന്നുനിൽക്കുന്ന സമയത്ത് വേണം മുട്ടക്കാർഡുകൾ പാടത്ത് വെയ്ക്കാൻ. കാർഡ് വെക്കുന്നതിനു ഒരാഴ്ച മുൻപും പിൻപും കീടനാശിനി ഉപയോഗം ഒഴിവാക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം